(സി) ഉണ്ട്.
(ഡി, ഇ) വിവരം ശേഖരിച്ചുവരുന്നു.
(എഫ്) നൽകാം.

കല്യാണമണ്ഡപങ്ങൾ

762. [1251] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏഴിന പരിപാടിയിൻകീഴിൽ എത്ര കല്യാണ മണ്ഡപങ്ങൾ പണിയാൻ അനുമതി നൽകി ;
(ബി) എത്ര എണ്ണം പണിതു ;
(സി) എത്ര എണ്ണം വാടകയ്ക്ക് ഇപ്പോൾ കൊടുക്കുന്നുണ്ട് ;
(ഡി) എത്ര എണ്ണം വാടകയ്ക്ക് കൊടുക്കാൻ പറ്റാത്തവയായി ഉണ്ട് ;
(ഇ) വാടകയ്ക്ക് കൊടുക്കാൻ പറ്റാത്തവയെ സാമ്പത്തികസഹായം നൽകി പുതുക്കുമോ ?

ഉത്തരം

(എ) 158.
(ബി) 98.
(സി) വിവരം ശേഖരിച്ചുവരുന്നു.
(ഡി) 41 എണ്ണം പണി പൂർത്തിയാകാത്തതും 19 എണ്ണം പണി തുടങ്ങാത്തതും ഉണ്ട്.
(ഇ) സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന പഞ്ചായത്തുകളിൽ ചിലതിന് കമ്മ്യൂണിറ്റി ഹാളിന്റെ പണി പൂർത്തിയാക്കുന്നതിനു വേണ്ടി സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

പഞ്ചായത്തുകളിലെ റോഡ് മെയിൻറനൻസ്

763. [1252] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലെ റോഡ് മെയിൻറനൻസുകളുടെ പേരിൽ ലക്ഷക്കണക്കിന് ഉറുപ്പികയുടെ ധനാപഹരണം നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;
(ബി) ഉണ്ടെങ്കിൽ ഇതു തടയാൻ ഫലപ്രദമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;
(സി) പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മാണങ്ങളും മെയിൻറനൻസുകളും മേൽനോട്ടം ചെയ്യാൻ ഡി. സി. സി. മെമ്പർമാരെ ചുമതലപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.
(സി) നിലവിലുള്ള നിയമം അതിന് അനുവദിക്കുന്നില്ല.

പഞ്ചായത്ത് ഗ്രാൻറിൻറെ വിനിയോഗം

764. [1253] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പഞ്ചായത്തുകൾക്ക് അനുവദിച്ചുകൊടുക്കുന്ന വിവിധ ഗ്രാൻറുകൾ ആശുപത്രികൾ, സ്കൂളുകൾ, വായനശാലകൾ മുതലായ സ്ഥാപനങ്ങൾക്ക് വേണ്ടി പ്രയോജനപ്പെടുത്തുവാൻ സർക്കാർ നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly